2014-15-ൽ കോമ്പൗണ്ടിംഗ് നികുതി നിരക്ക് 2013-14 മുതൽ പിൻകാല പ്രാബല്യത്തോടെ കുറച്ചിട്ടുണ്ട്. ഇത് സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെയും കൂടി അടിസ്ഥാനത്തിലാണ്. ഇപ്പോൾ സ്വർണ്ണം വില പൊതുവേ കുറവു രേഖപ്പെടുത്തുന്ന പ്രവണതയാണുള്ളത്. കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ അല്ലാതെ നികുതി അടയ്ക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സാഹചര്യത്തിൽ പരിശോധന നടത്താറുണ്ട്.

(ഡി) സ്വർണ്ണം വിൽപ്പനയുടെ കണക്ക് നികുതി വകുപ്പിൽ ലഭ്യമല്ല.

(ഇ) സ്വർണ്ണത്തിന്റെ സ്വഭാവം പരിഗണിച്ച് സ്യൂട്ട്കേസ്, മടിശ്ശീല വ്യാപാരം എന്നിവ സാദ്ധ്യമാണെന്നതിനാൽ നികുതി വെട്ടിപ്പ് സാദ്ധ്യത വളരെ കൂടുതലാണ്. പ്രധാന വ്യാപാരികളെല്ലാം കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നതിനാൽ നികുതി വെട്ടിപ്പ് വ്യാപകമാണെന്ന് പറയാൻ സാദ്ധ്യമല്ല. എന്നാൽ ധാരാളം സ്വർണ്ണ കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നും ടെയിൻ, വിമാനം എന്നീ മാർഗ്ഗങ്ങളിലൂടെ ബാഗുകളിലും മറ്റുമായി വ്യാപാര സ്ഥാപനങ്ങളിൽ എത്തിച്ച് കൊടുക്കുന്ന പ്രവണത വ്യാപകമാണ്. അത്തരം ധാരാളം കേസുകൾ കണ്ടെത്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ട്. ഇത്തരം അനധികൃത സ്വർണ്ണ വ്യാപരം പരമാവധി ഇല്ലാതാക്കുന്നതിനായി ഇന്റലിജൻസ് വിഭാഗം പരമാവധി ശ്രമിക്കുന്നുണ്ട്. സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ ഹാൾ മാർക്കിംഗ് യൂണിറ്റ് എന്നിവ കേന്ദ്രീകരിച്ച് സൂക്ഷ്മ നിരീക്ഷണം നടത്തി കള്ളക്കടത്ത് സ്വർണ്ണം പിടിച്ചെടുക്കുന്നുണ്ട്. മേൽപ്പറഞ്ഞ പരിശോധനകൾ പരമാവധി വർദ്ധിപ്പിച്ച് സ്വർണ്ണാഭരണ കള്ളക്കടത്തും നികുതി വെട്ടിപ്പും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വർണ്ണത്തിന്റെ വില്പന നികുതി

225 (573) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വർണ്ണ വില്പന നികുതി വരവിൽ ഈ സാമ്പത്തിക വർഷം കുറവ് വന്നിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയിൽ വ്യാപകമായ നികുതി വെട്ടിപ്പു നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് നികുതി വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ എത്ര കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തുവാൻ സാധിച്ചിട്ടുള്ളത് ;

(ഇ) ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വർണ്ണ വില്പന നികുതി വരവിൽ ഈ സാമ്പത്തിക വർഷം 31-1-2015 വരെയുള്ള കണക്കനുസരിച്ച് 9.76 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്.

(ബി-ഇ) സ്വർണ്ണത്തിന്റെ പ്രത്യേക സ്വഭാവം പരിഗണിച്ച് സ്യൂട്ട്കേസ്, മടിശ്ശീല വ്യാപാരം എന്നിവ സാദ്ധ്യമാണെന്നതിനാൽ നികുതി വെട്ടിപ്പ് സാദ്ധ്യത വളരെ കൂടുതലാണ്. പ്രധാന വ്യാപാരികളെല്ലാം കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നതിനാൽ നികുതി വെട്ടിപ്പ് വ്യാപകമാണെന്ന് പറയാൻ സാദ്ധ്യമല്ല. എന്നാൽ ധാരാളം സ്വർണ്ണ കള്ളക്കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നും ട്രെയിൻ, വിമാനം എന്നീ മാർഗ്ഗങ്ങളിലൂടെ ബാഗുകളിലും മറ്റുമായി വ്യാപാര സ്ഥാപനങ്ങളിൽ എത്തിച്ച് കൊടുക്കുന്ന പ്രവണത വ്യാപകമാണ്. അത്തരം ധാരാളം കേസുകൾ കണ്ടെത്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ട്. ഇത്തരം അനധികൃത സ്വർണ്ണ വ്യാപാരം പരമാവധി ഇല്ലാതാക്കുന്നതിനായി ഇന്റലിജൻസ് വിഭാഗം പരമാവധി ശ്രമിക്കുന്നുണ്ട്.

സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ ഹാൾ മാർക്കിംഗ് യൂണിറ്റ് എന്നിവ കേന്ദ്രീകരിച്ച് സൂക്ഷ്മനിരീക്ഷണം നടത്തി കള്ളക്കടത്ത് സ്വർണ്ണം പിടിച്ചെടുക്കുന്നുണ്ട്. ഈ വർഷം നടത്തിയ പരിശോധനയുടെ വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്. മേല്പറഞ്ഞ പരിശോധനകൾ പരമാവധി വർദ്ധിപ്പിച്ച് സ്വർണ്ണാഭരണ കള്ളക്കടത്തും നികുതി വെട്ടിപ്പും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കോഴിക്കടത്തിലൂടെ നികുതി വെട്ടിപ്പ്

226 (574) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോഴിയിറച്ചിയുടെ ഉപഭോഗം വർദ്ധിച്ചു വരുന്നതായി അറിയാമോ ; സംസ്ഥാനത്തേക്ക് കടത്തുന്ന കോഴിയുടെ നികുതി വരുമാനത്തിൽ ഇത് പ്രതിഫലിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ;

LIBRARY ARCHIVES Kerala Legislative Assembly